# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 സെപ്റ്റംബർ 5**

---

## ടെക്നിക്കൽ അസിസ്റ്റന്റ് ; അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ സ്വയം മൾട്ടീമിഡിയ ലാബിൽ ടെക്ക്നിക്കൽ അസിസ്റ്റന്റിന്റ് തസ്തികയിൽ ഈഴവ/ബില്ലവ/തീയ്യ വിഭാഗത്തിലെ ഒരൊഴിവിൽ ഒരു വർഷത്തേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.*

*ഈ വിഭാഗത്തിലെ അപേക്ഷകരുടെ അഭാവത്തിൽ മറ്റ് സംവരണ വിഭാഗങ്ങളിലുള്ളവരെയും ഇവരുടെയും അഭാവത്തിൽ പൊതു വിഭാഗത്തിലുള്ളവരെയും പരിഗണിക്കും*

*കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഐടി ഇവയിൽ ഏതിലെങ്കിലും ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. അഡോബ് ക്രിയേറ്റീവ് ക്ലൗഡ് സോഫ്റ്റ് വെയറിൽ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം.*

*പ്രായം 2024 ജനുവരി ഒന്നിന് 36 വയസ് കവിയരുത്(സംവരണ വിഭാഗങ്ങളിൽ പെട്ടവർക്ക് നിയമാനുസൃത വയസിളവ് ലഭിക്കും. താത്പര്യമുള്ളവർ സർവകലാശാലാ വെബ്സൈറ്റിൽ*(www.mgu.ac.in) *വിജ്ഞാപനത്തിനൊപ്പമുള്ള അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് യോഗ്യതാ രേഖകളുടെ പകർപ്പുകൾ സഹിതം* ada7@mgu.ac.in *എന്ന ഇമെയിൽ വിലാസത്തിലേക്ക് സെപ്റ്റംബർ 19ന് മുൻപ് അയയ്ക്കണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/815/2024)*

## പിഎച്ച്ഡി കോഴ്സ് വർക്ക് പരീക്ഷ

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലെ റിസർച്ച് സ്കോളർമാരുടെ പിഎച്ച്ഡി കോഴ്സ് വർക്ക് പരീക്ഷ(2022 അഡ്മിഷൻ ഫുൾടൈം, പാർട്ട് ടൈം -റഗുലർ, 2022നു മുൻപുള്ള*

*അഡ്മിഷൻ സപ്ലിമെന്ററി) സെപ്തംബർ 24 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/816/2024)*

## <u>പരീക്ഷാ ഫലം</u>

*മൂന്നാം സെമസ്റ്റർ എംഎസ്സി കെമിസ്ട്രി -ഇനോർഗാനിക് കെമിസ്ട്രി (2021 അഡ്മിഷൻ), എംഎസ്സി കെമിസ്ട്രി-പോളിമെർ കെമിസ്ട്രി(2021, 2022 അഡ്മിഷനുകൾ) സപ്ലിമെന്ററി പരീക്ഷയുടെ (ഫാക്കൽറ്റി ഓഫ് സയൻസസ് സിഎസ്എസ് ഓഗസ്റ്റ് 2024) ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്തംബർ 19 വരെ അപേക്ഷിക്കാം.*

................

*നാലാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (2021 അഡ്മിഷൻ റഗുലർ, 2016 മുതൽ 2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് ജനുവരി 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്തംബർ 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം*

*(പി.ആർ.ഒ/39/817/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**